# PSC HSST Malayalam - Sr For Sc/st - Kerala Higher Secondary Education Examination Previous Year Question Paper

*Exam Name: HSST Malayalam - Sr For Sc/st - Kerala Higher Secondary Education*

***Date of Test : 03.03.2016***

*Question Paper Code: 040/2016*

*Medium of Questions: Malayalam*

PSCNET.in

www.pscnet.in fb.com/pscnet.in

# 040/2016

Maximum : 100 marks

Time : 1 hour and 15 minutes

1. സംസ്കൃതവും ദക്ഷിണേന്ത്യൻ ഭാഷകളും ഭിന്നഗോത്രങ്ങളാണെന്ന് ആദ്യം പറഞ്ഞതാര്?
   - (A) ഗുണ്ടർട്ട്
   - (B) കാൾഡ്വൽ
   - (C) എഫ്. ഡബ്ല്യു. എല്ലിസ്
   - (D) ഗ്രാൽ

2. 'കുവലയാനന്ദം' ഏത് വിഭാഗത്തിൽ പെടുന്ന കൃതിയാണ്?
   - (A) കാവ്യനാടകം
   - (B) മഹാകാവ്യം
   - (C) വ്യാകരണം
   - (D) അലങ്കാരഗ്രന്ഥം

3. ഗെയ്ഥെയുടെ ഫൗസ്റ്റ് ആട്ടക്കഥാരൂപത്തിൽ പുനഃസൃഷ്ടി ചെയ്ത് എഴുതിയതാര്?
   - (A) കോട്ടയത്തു തമ്പുരാൻ
   - (B) അയ്മനം കൃഷ്ണക്കൈമൾ
   - (C) കൃഷ്ണൻതമ്പി
   - (D) പന്തളം കേരളവർമ്മ

4. കേരളത്തിൽ പ്രാചീനകാലത്ത് നടപ്പുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങളേയും ഭൂനിയമ വ്യവസ്ഥകളേയും പ്രതിപാദിച്ചിരുന്ന സംസ്കൃതഗ്രന്ഥമേത്?
   - (A) കേരളക്ഷിതിരത്നമാല
   - (B) കേരളപ്പഴമ
   - (C) ഭൂഗോളപുരാണം
   - (D) പെരിയപുരാണം

5. 'വയലാർ ഗർജ്ജിക്കുന്നു' എന്ന കവിത രചിച്ചത് ആര്?
   - (A) വയലാർ രാമവർമ്മ
   - (B) പി. ഭാസ്കരൻ
   - (C) ഒ.എൻ.വി. കുറുപ്പ്
   - (D) ശങ്കരക്കുറുപ്പ്

6. 'കഠോരകുഠാരം' എന്ന കൃതി ആരാണെഴുതിയത്?
   - (A) സയ്യിദ് സനാഉല്ലാ മഖ്ദി തങ്ങൾ
   - (B) മായങ്കുട്ടി എളയാ
   - (C) സി.എച്ച്. ഐദറൂസ് മുസലിയാർ
   - (D) വി.കെ. അലി

7. 'കാവ്യം സുഗേയം, കഥ രാഘവീയം
   കർത്താവു തുഞ്ചത്തുളവായ ദിവ്യൻ' - ഏത് കവിതയിലെ വരികൾ?
   - (A) രാവണപുത്രി
   - (B) തോണിയാത്ര
   - (C) രാമായണചമ്പു
   - (D) എഴുത്തച്ഛനെഴുതുമ്പോൾ



Join PSC WhatsApp Broadcast List : 90747 20773

8. അറബിഭാഷ ഏത് ഗോത്രത്തിൽ പെടുന്നു?

(A) സെമറ്റിക് ഗോത്രം
(B) ഹെമറ്റിക് ഗോത്രം
(C) ബാണ്ടു ഗോത്രം
(D) സുഡാനി ഗോത്രം

9. 'കവനകൗമുദി'യുടെ സ്ഥാപകനാര്?

(A) സി.പി. അച്യുതമേനോൻ
(B) സി. അന്തപ്പായി
(C) കേസരി
(D) ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി

10. 'അമ്മായി അമ്മയെ അമ്മിമേൽ വെച്ചിട്ട്
നല്ലോരു കൽകൊണ്ട് നാരായണ!' എന്നിങ്ങനെ ആരംഭിക്കുന്ന കൃതിയേത്?

(A) വൈശികതന്ത്രം
(B) അമ്മായിപ്പഞ്ചതന്ത്രം
(C) മേനോന്റെ മേനി
(D) പുളിന്ദീമോക്ഷം

11. 'ദാത്യൂഹസന്ദേശം' എഴുതിയതാര്?

(A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
(B) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(C) മുൻഷി രാമക്കുറുപ്പ്
(D) ശീവൊള്ളി നാരായണൻ നമ്പൂതിരി

12. 'ഖരോഷ്ഠി' എന്നാലെന്ത്?

(A) വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്ന ഒരു ലിപി
(B) ഇടത്തുനിന്ന് വലത്തോട്ട് എഴുതുന്ന ഒരു ലിപി
(C) ചിത്രരൂപത്തിൽ എഴുതുന്ന ലിപി
(D) ലോകഭാഷയ്ക്കു വേണ്ടി ഉണ്ടാക്കിയ ലിപി

13. 'കുറ്റവും ശിക്ഷയും' മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?

(A) ചങ്ങമ്പുഴ
(B) കേസരി എ. ബാലകൃഷ്ണപിള്ള
(C) നാലപ്പാട്ട് നാരായണ മേനോൻ
(D) ഇടപ്പള്ളി കരുണാകര മേനോൻ

14. 'സംശ്ലിഷ്ട കക്ഷ്യ'യിൽ പെട്ട ഭാഷയുടെ സ്വഭാവമേത്?

(A) സംബന്ധവാചകങ്ങൾ പ്രകൃതിയിൽ നിന്ന് വേറിട്ട് നിൽക്കുന്നു
(B) സംബന്ധവാചകങ്ങൾ ഇല്ലാത്തവ
(C) സംബന്ധവാചകങ്ങൾ പ്രകൃതിയോട് വേർതിരിക്കാനാകാത്തവിധം ലയിച്ചു ചേർന്നിരിക്കുന്നു
(D) ഇതിലൊന്നും ബാധകമല്ല



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

15. വാച്യാർത്ഥത്തിന് തടസ്സം നേരിടുമ്പോൾ പ്രസിദ്ധി നിമിത്തമോ ഫലമുദ്ദേശിച്ചോ സ്വീകരിക്കുന്ന അർത്ഥം :

(A) അഭിധ
(B) ലക്ഷണ
(C) വ്യഞ്ജന
(D) ധ്വനി

16. 'ആട്ടബലി' എന്ന രൂപത്തിന്റെ നിഷ്പത്തി ഏത് ഭാഷാനയത്തെ സാധൂകരിക്കാനാണ് കേരളപാണിനി 'ആട്ടബലി' ഉദാഹരിക്കുന്നത്?

(A) അനുനാസികസംസർഗ്ഗം
(B) ഖരാദേശം
(C) ഉന്നാമം
(D) വിനാമം

17. 'സരസ്വതീവിജയം' എന്ന നോവലിലെ പ്രമേയം എന്ത്?

(A) സരസ്വതീ ദേവിയുടെ വീരാപദാനങ്ങൾ
(B) സരസ്വതി എന്ന സ്ത്രീയുടെ ജീവിതാഖ്യാനം
(C) പുലയബാലൻ ക്രിസ്തുമതം സ്വീകരിച്ച് ജഡ്ജിയായി തന്നെ പീഡിപ്പിച്ച നമ്പൂതിരിയെ കേസിൽ വിസ്തരിക്കുന്നത്
(D) പറയബാലൻ തന്നെ പീഡിപ്പിച്ച നമ്പൂതിരിയായ ജന്മിയോട് പ്രതികാരം ചെയ്യുന്നത്

18. 'മദിരാശിയാത്ര' എന്ന യാത്രാവിവരണകാവ്യം രചിച്ചതാര്?

(A) എസ്.കെ. പൊറ്റെക്കാട്
(B) എ.ആർ. രാജരാജവർമ്മ
(C) കോവുണ്ണി നെടുങ്ങാടി
(D) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

19. കുഞ്ഞേനാച്ചൻ ഏത് നോവലിലെ കേന്ദ്ര കഥാപാത്രമാണ്?

(A) ഒറോത
(B) കുഞ്ഞമ്മയും കൂട്ടുകാരും
(C) അരനാഴികനേരം
(D) വിഷകന്യക

20. 'കൊളച്ചേരി കർഷകസംഘം' രൂപീകരിച്ച വർഷമേത്?

(A) 1949
(B) 1938
(C) 1935
(D) 1932

21. നാടകാനുഭവങ്ങൾ മുൻനിർത്തി കൈനിക്കര കുമാരപിള്ള രചിച്ച കൃതിയേത്?

(A) നാടകക്കളരി
(B) രംഗഭാഷ
(C) നാടകീയം
(D) നാടകാനുഭവങ്ങൾ



Join PSC WhatsApp Broadcast List : 90747 20773

22. ''മാരാരെ വിലയിരുത്തുന്ന സന്ദർഭത്തിൽ വേണ്ടത്ര ആലോചിക്കാതെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ഒരു നിഗമനം ഈ ഗ്രന്ഥത്തിലെ മറ്റൊരു പാളിച്ചയാണ്'' - ഇപ്രകാരം അഴീക്കോടിനെ വിമർശിക്കുന്നതാര്?

(A) വി. രാജകൃഷ്ണൻ
(B) കെ.പി. അപ്പൻ
(C) വി.സി. ശ്രീജൻ
(D) എം. ലീലാവതി

23. 'മായാമനുഷ്യൻ' എന്ന പ്രഹസനം എഴുതിയതാര്?

(A) സി.വി. രാമൻപിള്ള
(B) മൂർക്കോത്ത് കുമാരൻ
(C) മുൻഷി രാമക്കുറുപ്പ്
(D) ഇ.വി. കൃഷ്ണപിള്ള

24. 'ഉന്മീലനം' എന്ന വ്യാഖ്യാനത്തോടുകൂടി ലീലാതിലകം പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചതാര്?

(A) ശൂരനാട്ട് കുഞ്ഞൻപിള്ള
(B) ഇളംകുളം കുഞ്ഞൻപിള്ള
(C) എൻ.വി. കൃഷ്ണ വാരിയർ
(D) ആറ്റൂർ കൃഷ്ണപ്പിഷാരടി

25. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യത്തെ ഡയറക്ടർ ആരായിരുന്നു?

(A) ശൂരനാട്ട് കുഞ്ഞൻപിള്ള
(B) എൻ.വി. കൃഷ്ണ വാരിയർ
(C) കാരൂർ നീലകണ്ഠപ്പിള്ള
(D) കേരളവർമ്മ വലിയ കോയിതമ്പുരാൻ

26. സാഹിത്യപ്രവർത്തക സഹകരണസംഘം സ്ഥാപിച്ച വർഷമേത്?

(A) 1945
(B) 1948
(C) 1967
(D) 1962

27. 'ഞാനിപ്പ കമ്മ്യൂണിഷ്ടാവും' എന്ന രൂപകം എഴുതിയതാര്?

(A) ടി. ദാമോദരൻ
(B) തോപ്പിൽ ഭാസി
(C) കേശവദേവ്
(D) സിവിക് ചന്ദ്രൻ

28. മലയാളത്തിലെ മഹാകാവ്യങ്ങളുടെ ബാഹുല്യത്തെ തടയുവാൻ വേണ്ടി കിടങ്ങൂർ, കൃഷ്ണ വാരിയർ എഴുതിയ കൃതി ഏത്?

(A) വിശ്വദീപം
(B) മാഹമ്മദം
(C) വിശ്വഭാനു
(D) കോന്താകേളം

29. 'കൗമുദി' എന്ന പേരിൽ ഉദയൻ എന്ന പണ്ഡിതൻ രചിച്ച കൃതി ഏത് ഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണ്?

(A) നാട്യശാസ്ത്രം
(B) വക്രോക്തി ജീവിതം
(C) രസഗംഗാധരം
(D) ധ്വന്യാലോകം



Join PSC WhatsApp Broadcast List : 90747 20773

30. 'ബഷീറിന്റെ പുന്നാരമൂഷികൻ' എന്ന ചെറുകഥാസമാഹാരം എഴുതിയതാര്?
   (A) ഒ.വി. വിജയൻ
   (B) ടി. പത്മനാഭൻ
   (C) എം. ഗോവിന്ദൻ
   (D) പട്ടത്തുവിള കരുണാകരൻ

31. 'കൊല്ലിക്കാവലൻ' എന്ന ബിരുദമുണ്ടായിരുന്ന പ്രാചീന രാജാവ്:
   (A) കുലശേഖര ആഴ്വാർ
   (B) ചേരമാൻ പെരുമാൾ
   (C) പള്ളിവാണർ
   (D) സ്ഥാണുരവി

32. "ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ!
   വന്നുപോം പിഴയുമർത്ഥശങ്കയാൽ!" - ഏത് കൃതിയിലെ വരികൾ?
   (A) ലീല
   (B) നളിനി
   (C) ദുരവസ്ഥ
   (D) പ്രരോദനം

33. "അനൗചിത്യാദൃതേ നാന്യത്
   രസഭംഗസ്യ കാരണം" എന്ന് പറഞ്ഞതാര്?
   (A) ഭരതമുനി
   (B) ജഗന്നാഥൻ
   (C) ക്ഷേമേന്ദ്രൻ
   (D) ആനന്ദവർദ്ധനൻ

34. ഓംചേരി എന്ന ചുരുക്കപ്പേരിലറിയുന്നതാരെ?
   (A) എൻ. വാസുദേവൻ പിള്ള
   (B) എൻ. നാരായണ പിള്ള
   (C) എൻ. കൃഷ്ണ പിള്ള
   (D) സുകുമാര പിള്ള

35. "ഈടുവെപ്പുകളെല്ലാം പോകിലും പുതിയൊരു
   നാട്ടു നമ്മുടേതാകാം; അസംഖ്യം തോഴന്മാരും" - ഏത് കവിതയിലെ വരികൾ?
   (A) യുഗപരിവർത്തനം
   (B) മലതുരക്കൽ
   (C) ജലസേചനം
   (D) കുടിയൊഴിക്കൽ

36. 'ജി. ശങ്കരപ്പിള്ള നാടകം ജീവിതം' എന്ന ജീവചരിത്ര ഗ്രന്ഥം എഴുതിയതാര്?
   (A) വയലാ വാസുദേവൻ പിള്ള
   (B) ആർ. നരേന്ദ്രപ്രസാദ്
   (C) പ്രൊ. എസ്. രാമാനുജം
   (D) സാബു കോട്ടുക്കൽ

37. 'ലിങ്ക്ഡ് ഇൻ' താഴെപ്പറയുന്നവയിൽ ഏത് വിഭാഗത്തിൽ പെടുന്നു?
   (A) ബ്ലോഗ്
   (B) സോഷ്യൽ നെറ്റ്‌വർക്ക്
   (C) വെബ് പോർട്ടൽ
   (D) ഓൺലൈൻ വിജ്ഞാനകോശം



Join PSC WhatsApp Broadcast List : 90747 20773

38. 'ഏണസ്റ്റ് ഹെമിംഗ് വേ' എന്ന ചെറുകഥ എഴുതിയതാര്?

(A) എം.ടി.
(B) വി.കെ.എൻ.
(C) എം.പി. നാരായണ പിള്ള
(D) ടി. പത്മനാഭൻ

39. 2014-ലെ വയലാർ അവാർഡ് നേടിയതാര്?

(A) കെ.ആർ. മീര
(B) റഫീക് അഹമ്മദ്
(C) സുഭാഷ് ചന്ദ്രൻ
(D) സേതു

40. സംഘകാലത്ത് യുദ്ധത്തിൽ ശത്രുവിന്റെ തലവെട്ടി അടുപ്പാക്കുന്ന ആചാരത്തിന് പറഞ്ഞിരുന്ന പേരെന്ത്?

(A) കളവേൾവി
(B) വേട്ടുവരി
(C) വെട്ച്ചിപ്പോർ
(D) കുടക്കൂത്ത്

41. ഫ്രാൻസിസ്കോ ഡി. അൽമേഡ ഇന്ത്യയിലെ വൈസ്രോയി ആയി നിയമിക്കപ്പെട്ട വർഷമേത്?

(A) 1498
(B) 1505
(C) 1508
(D) 1510

42. 'വള്ളി' എന്ന പദത്തെ താഴെപ്പറയുന്നതിൽ ഏത് വിഭാഗത്തിൽ പെടുത്താം?

(A) സംസ്കൃതഭവം
(B) ഭാഷാന്തരഭവം
(C) ഭാഷാന്തരസമം
(D) സംസ്കൃതരൂപം

43. 'സമാസേചാഞാദീനാം' എന്ന സൂത്രത്തിന് ഉദാഹരണമേത്?

(A) നാട്ടകം
(B) മണ്ണന്റ്റു
(C) മരങ്കുറുത്
(D) ആനക്കാട്

44. 'പൊൻ + കണ്ണാടി = പൊർക്കണ്ണാടി' എന്നതിലെ സന്ധിനിയമം ഏത്?

(A) തേസ്യച
(B) ലനയോ: കചപേഷു റ:
(C) ലോന: പഞ്ചമേഷു
(D) ദീർഘാണ്ണോണേ ലോപ:

45. 'നനു ശബ്ദാർത്ഥൗ സഹിതൗ കാവ്യം' എന്ന ചോദ്യം കൊണ്ട് ശബ്ദാർത്ഥങ്ങളുടെ സഹിതത്വമാണ് സാഹിത്യമെന്ന് വ്യക്തമാക്കുന്നത് ഏത് ഗ്രന്ഥത്തിൽ?

(A) കാവ്യാലങ്കാരം
(B) കാവ്യാദർശം
(C) കാവ്യപ്രകാശം
(D) വക്രോക്തി ജീവിതം

46. 'തസ്യച കാരണം കവിഗതാ കേവലാ പ്രതിഭ' എന്ന് കാവ്യഹേതുവിനെ പരാമർശിക്കുന്ന കൃതി ഏത്?

(A) കാവ്യാലങ്കാരസൂത്രവൃത്തി
(B) കാവ്യമീമാംസ
(C) കാവ്യാദർശം
(D) രസഗംഗാധരം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

47. 'ചിന്താവിഷ്ടയായ സീത' എന്ന കൃതിക്ക് അവതാരിക എഴുതിയത് ആര്?

(A) നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻ പിള്ള (B) എൻ. ഗോപാല പിള്ള

(C) ആറ്റൂർ കൃഷ്ണപ്പിഷാരടി (D) ശങ്കരൻ നമ്പ്യാർ

48. 'ശരാശരി' എന്ന പദം ഏത് ഭാഷയിൽ നിന്നാണ് മലയാളം സ്വീകരിച്ചത്?

(A) പോർട്ടുഗീസ് (B) ഹിന്ദി

(C) അറബി (D) പേർഷ്യൻ

49. നിയോജകപ്രകാരത്തിന് ഉദാഹരണമേത്?

(A) നീ പോ (B) രാമൻ പോകണം

(C) രാമൻ പോകുന്നു (D) രാമന് പോകാം

50. 'മനശ്ശക്തി' എന്ന പദത്തെ പിരിച്ചെഴുതുന്നതെങ്ങനെ?

(A) മന: + ശക്തി (B) മനസ് + ശക്തി

(C) മനോ + ശക്തി (D) മന + ശക്തി

51. 'പ്രതിപദം' എന്നതിലെ സമാസമേത്?

(A) ബഹുവ്രീഹി (B) അവ്യയീഭാവൻ

(C) തത്പുരുഷൻ (D) ദ്വന്ദ്വസമാസം

52. 'ക്രൂരമായ പരമാർത്ഥങ്ങൾ! എങ്ങോട്ടു നോക്കിയാലും പരമാർത്ഥങ്ങൾ. ഒരു ഭയങ്കരമായ ഭൂകമ്പം വേണം ഇവിടെ നശിപ്പിക്കാൻ' - ഏത് കൃതിയിൽ നിന്ന്?

(A) 1128-ൽ ക്രൈം 27 (B) കലി

(C) വൃത്ത് (D) സമത്വവാദി

53. 'അന്തരീക്ഷം' എന്ന നിരൂപണകൃതിയിൽ ചർച്ചചെയ്യപ്പെടുന്ന കൃതികൾ ഏതെല്ലാം?

(A) കരുണ, മഗ്ദലനമറിയം, പിംഗള

(B) പ്രേമസംഗീതം, ചണ്ഡാലഭിക്ഷുകി, കൊച്ചുസീത

(C) കർണ്ണഭൂഷണം, ചിന്താവിഷ്ടയായ സീത, അച്ഛനും മകളും

(D) കരുണ, ദുരവസ്ഥ, പ്രരോദനം

54. "ഒരു സാഹിത്യകൃതിയുടെ ശാശ്വതമൂല്യം ശില്പമാതൃകകളുടെ ഭദ്രതയും കാലിക സംസ്കാരനിദർശകതയും ഒത്തിണങ്ങിയ ഒന്നാണെന്നും, ആ മൂല്യത്തിന്റെ തന്നെ മഹത്വം ശില്പമാതൃകകളുടെ സങ്കീർണ്ണതയും തൽസംഭൃതമായ സംസ്കാരത്തിന്റെ തൂക്കവും അനുസരിച്ചിരിക്കുമെന്നും" നിരീക്ഷിച്ച വിമർശകനേത്?

(A) എം.പി. പോൾ (B) മാരാർ

(C) മുണ്ടശ്ശേരി (D) കേസരി



Join PSC WhatsApp Broadcast List : 90747 20773

PSCNET.in

55. വള്ളത്തോളിന്റെ 'ചിത്രയോഗം' ഏത് കൃതിയിലെ കഥാഭാഗത്തെ അടിസ്ഥാനമാക്കിയാണ് എഴുതപ്പെട്ടത്?
   (A) കഥാസരിത് സാഗരം
   (B) മഹാഭാരതം
   (C) ബ്രഹ്മാണ്ഡപുരാണം
   (D) മാർക്കണ്ഡേയപുരാണം

56. "ചത്തടിയട്ടേ വല്ലകാട്ടിലും കരിമല്ലൻ
   പുത്തനായ് ഞാൻ തല്ലിച്ച മടവാൾ പൊയ്പോയല്ലോ" - ഏത് കവിതയിലെ വരികൾ?
   (A) ചന്ദനക്കട്ടിൽ
   (B) പുത്തൻ കലവും അരിവാളും
   (C) മൂന്നരുവിയും ഒരു പുഴയും
   (D) പണിമുടക്കം

57. 'ആധുനികോത്തരം' എന്ന സാങ്കേതികപദം മലയാളത്തിൽ ആദ്യമായി ഉപയോഗിച്ചതാര്?
   (A) കെ.പി. അപ്പൻ
   (B) അയ്യപ്പപ്പണിക്കർ
   (C) സച്ചിദാനന്ദൻ
   (D) വി.സി. ശ്രീജൻ

58. 'ത്രിഷ്ടുപ്' എന്ന ഛന്ദസ്സിലുള്ള പാദങ്ങളിലെ അക്ഷരസംഖ്യ എത്ര?
   (A) 3
   (B) 10
   (C) 11
   (D) 9

59. 'കല്ലോലജാലം കളിക്കുന്ന കണ്ടു
   കമലമണി നിറമുടയ കമലമതു കണ്ടു' - ഈ വരികളിലെ വൃത്തമേത്?
   (A) പര്യസ്തകാഞ്ചി
   (B) അർദ്ധകേക
   (C) തരംഗിണി
   (D) കളകാഞ്ചി

60. ഗൂഗോളവൽക്കരണം എന്ന കൃതിയിലെ പരാമർശവിഷയം :
   (A) ആഗോളവൽക്കരണവും സൈബറും
   (B) ഇന്റർനെറ്റിന്റെ വികാസചരിത്രം
   (C) ആഗോളവൽക്കരണവും കമ്പ്യൂട്ടർ വ്യവസായവും
   (D) ഗൂഗിളിന്റെ ചരിത്രം

61. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എന്ന കവിതാസമാഹാരം ആരുടേതാണ്?
   (A) അനിതാ തമ്പി
   (B) വി.എം. ഗിരിജ
   (C) സാവിത്രി രാജീവൻ
   (D) വിജയലക്ഷ്മി

62. 'നട്ടെല്ലുകളുടെ ജീവിതം' എന്ന ചെറുകഥ എഴുതിയതാര്?
   (A) എം.ടി.
   (B) വി.പി. ശിവകുമാർ
   (C) പട്ടത്തുവിള
   (D) എം. മുകുന്ദൻ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

63. 2012-ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക്?

(A) എം.ടി. (B) വിഷ്ണുനാരായണൻ നമ്പൂതിരി

(C) എം.കെ. സാനു (D) ആറ്റൂർ രവിവർമ്മ

64. അയ്യങ്കാളിപ്പട എന്ന നോവൽ എഴുതിയതാര്?

(A) കവിയൂർ മുരളി (B) സി. അയ്യപ്പൻ

(C) പോൾ ചിറക്കരോട് (D) നാരായൺ

65. 'അംബ പേരാറേ നീ മാറിപ്പോമോ

ആകുലമായൊരഴുക്കു ചാലായ്' - ഏത് കവിതയിലെ വരികൾ?

(A) സർപ്പക്കാട് (B) ജലസേചനം

(C) കുറ്റിപ്പുറം പാലം (D) കന്നിപ്പാടം

66. "ദന്തവും ചന്ദനവും കൊണ്ടല്ല, ഉപ്പും കാഞ്ഞിരവും കൊണ്ടാണ് ഇന്ന് ദേവതാവിഗ്രഹങ്ങൾ പണിതെടുക്കേണ്ടതെന്ന് പുതിയ എഴുത്തുകാർ വിശ്വസിക്കുന്നതായിത്തോന്നുന്നു" എന്ന് നിരീക്ഷിച്ചതാര്?

(A) അയ്യപ്പപ്പണിക്കർ (B) കെ.പി. അപ്പൻ

(C) വി.സി. ശ്രീജൻ (D) സച്ചിദാനന്ദൻ

67. 'പ്രത്യക്ഷരക്ഷാദൈവസഭ' രൂപീകരിച്ചതാര്?

(A) അയ്യങ്കാളി (B) സഹോദരൻ അയ്യപ്പൻ

(C) കുമാരഗുരുദേവൻ (D) റ്റി.സി. യോഹന്നാൻ

68. അറിയപ്പെടാത്ത ഇ.എം.എസ്. എന്ന ജീവചരിത്രഗ്രന്ഥം എഴുതിയതാര്?

(A) അപ്പുക്കുട്ടൻ വള്ളിക്കുന്ന് (B) സുനിൽ പി. ഇളയിടം

(C) സി. ഭാസ്കരൻ (D) എ.വി. അനിൽകുമാർ

69. "കർത്താവിന്റെ ആത്മാവ് എന്നെ നയിക്കുന്നു. അവൻ വിളിക്കുന്നിടത്തേയ്ക്കു ഞാൻ പോകും" - ഏത് നാടകത്തിൽ നിന്ന്?

(A) ആ മനുഷ്യൻ നീ തന്നെ (B) അവൻ വീണ്ടും വരുന്നു

(C) യവനിക (D) വിഷവൃക്ഷം

70. പെരിപ്ലസുകാരൻ കേരളരാജ്യത്തെ സൂചിപ്പിക്കുന്നതിനായി ഉപയോഗിച്ച പദമേത്?

(A) കേരോബോത്രോസ് (B) മലബാത്രം

(C) ലിമുരികെ (D) നെൽക്കിണ്ട



Join PSC WhatsApp Broadcast List : 90747 20773

71. The concept of Integral education is propounded by :

(A) Madan Mohan Malaviya
(B) Swami Vivekananda
(C) Sri Aurobindo
(D) Dr. S. Radhakrishnan

72. The idea that by placing a student in the position of a discoverer, she/he would learn much more than being merely told about things is associated with :

(A) Heuristic education
(B) Multimedia education
(C) Experiential education
(D) Reflective education

73. The guidelines or rules that should be followed so that it will be easy for the students to comprehend the concepts or terms while teaching are :

(A) methods of teaching
(B) maxims of teaching
(C) strategies of teaching
(D) techniques of teaching

74. The most important function of a teacher is to :

(A) manage instructional resources
(B) facilitate learning
(C) coordinate curricular activities
(D) provide information

75. Which type of evaluation is carried out at the end of a course of study?

(A) Formative
(B) Diagnostic
(C) Summative
(D) Informal

76. A set of principles to guide and assist researchers in deciding which goals are most important in reconciling conflicting values when conducting research is called :

(A) Research ethics
(B) Deontological approach
(C) Utilitarianism
(D) None of the above

77. Which of the following can best be described as a categorical variable?

(A) Age
(B) Annual income
(C) Grade point average
(D) Religion

78. A research in which the researcher uses both qualitative and quantitative research within a stage or across two of the stages in the research process is known as :

(A) basic research
(B) quantitative research
(C) mixed method research
(D) mixed model research

79. Which scientific method is a top-down or confirmatory approach?

(A) Deductive method
(B) Inductive method
(C) Hypothesis method
(D) Pattern method

80. Which of the following is defined as a systematic method of evaluating statistical data based on results of several independent studies of the same problem?

(A) Factor Analysis
(B) Meta Analysis
(C) Systematic Analysis
(D) Factorial Analysis



Join PSC WhatsApp Broadcast List : 90747 20773

81. The Directive Principles of State Policy contained in which part of the Indian Constitution :
   (A) Part I
   (B) Part IV
   (C) Part III
   (D) Part V

82. Emergency provisions of the Indian Constitution contains in the Articles of :
   (A) 350 to 351
   (B) 352 to 360
   (C) 361 to 365
   (D) 366 to 370

83. The National Food Security Act implemented during the year :
   (A) 2012
   (B) 2011
   (C) 2013
   (D) 2014

84. Who wrote the Malayalam book entitled "Kazhinjakalam"?
   (A) S.K. Pottekkad
   (B) K.P. Kesavamenon
   (C) P. Madhavan Nair
   (D) E.M.S. Namboodirippad

85. The founder of Pratyaksha Raksha Daiva Sabha was :
   (A) K.C. Mammen Mappilai
   (B) Poikayil Yohannan
   (C) T.M. Varghese
   (D) Kandathil Varghese Mappilai

86. The Channar Revolt was associated with :
   (A) Nair Community
   (B) Nadar Community
   (C) Ezhava Community
   (D) Pulaya Community

87. Yogakshema Sabha started at the initiative of :
   (A) Mannath Padmanabhan
   (B) V.T. Bhattathirippad
   (C) Sahodaran Ayyappan
   (D) Vaghbatanandan

88. The first Kerala State Political Conference was held at Ottapalam during the year :
   (A) 1920
   (B) 1921
   (C) 1922
   (D) 1923

89. The Malayala Manorama registered as a company during the year :
   (A) 1848
   (B) 1857
   (C) 1867
   (D) 1888

90. Vengayil Kunhiraman Nayanar edited the newspaper entitled :
   (A) Kerala Sanchari
   (B) Swabhimani
   (C) Mahatma
   (D) Nava-Jivan

91. Who is the author of the Novel entitled "Agni Sakshi"?
   (A) M.T. Vasudevan Nair
   (B) Karoor Neelakanda Pillai
   (C) Parvathi Nenminimangalam
   (D) Lalithambika Antharjanam



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

92. The News Paper "Kerala Kaumudi" started by :
(A) Kumaranassan
(B) C.V. Kunhiraman
(C) K. Ayyappan
(D) Dr. Palpu

93. The Guruvayur Satyagraha one of the most important struggle connected with the campaign for the eradication of untouchability took place during the years :
(A) 1931 - 32
(B) 1933 - 34
(C) 1929 - 30
(D) 1934 - 35

94. The Great Poet of Kerala who has earned the title "Kerala Vyara" was :
(A) A.R. Raja Raja Varma
(B) Kodungalloor Kunhikuttan Thampuram
(C) Ulloor S. Parameswara Iyer
(D) Vallathol Narayana Menon

95. Author of the Novel "Oru Deshathinte Katha" :
(A) Kesav Dev
(B) Thakazhi Sivasankara Pillai
(C) S.K. Pottekkad
(D) M.T. Vasudevan Nair

96. The winner of J.C. Daniel Award 2014 is :
(A) M.T. Vasudevan Nair
(B) Madhu
(C) I.V. Sasi
(D) Sasikumar

97. Booker Prize for fiction 2014 entitled 'The Narrow Road to the Deep North' written by :
(A) Richard Flanagan
(B) Svetlana Alexjevich
(C) Gunder Grass
(D) Eleanor Catton

98. Which among the following is not a UNESCO's World Heritage Site?
(A) Taj Mahal
(B) Humphi
(C) Padmanabhapuram Palace
(D) Ajanta and Ellora

99. World Cancer Awareness Day observed on :
(A) November 6
(B) November 8
(C) December 7
(D) November 7

100. Takaaki Kajita of Japan and Arthur. B. Mac Donald of Canada won the 2015 Nobel Prize for their contributions in the field of :
(A) Physics
(B) Chemistry
(C) Medicine
(D) Literature



PSCNET.in

Join PSC WhatsApp Broadcast List : 90747 20773